**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5367** **05-07-2024 - ൽ മറുപടിയ്ക്ക്**

**അണ്ണാമലൈ യൂണിവേഴ്‌സിറ്റിയുടെ പി.ജി. കോഴ്സിനുള്ള തുല്യതാ സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | തമിഴ്നാട് അണ്ണാമലൈ യൂണിവേഴ്സിറ്റിയുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ മുഖേനയുള്ള ഇക്കണോമിക്സ് പി. ജി. കോഴ്സിന് സംസ്ഥാനത്തെ ഏതെങ്കിലും യൂണിവേഴ്‌സിറ്റിയുടെ അംഗീകാരമുണ്ടോയെന്നും ഈ കോഴ്സിന് സംസ്ഥാനത്തെ ഏതെങ്കിലും യൂണിവേഴ്‌സിറ്റി തുല്യതാ സർട്ടിഫിക്കറ്റ് നൽകുന്നുണ്ടോയെന്നും അറിയിക്കാമോ; | (എ) | തമിഴ്നാട് അണ്ണാമലൈ സർവ്വകലാശാലയുടെ 2015 അക്കാദമിക വർഷം മുതൽ നടത്തുന്ന വിദൂര വിദ്യാഭ്യാസ (Open & Distance Learning, (ODL)) പ്രോഗ്രാമുകൾക്ക് യു.ജി.സി യുടെ അംഗീകാരമില്ല എന്നറിയിച്ചുകൊണ്ട് യു.ജി.സി 25.03.2022 തീയതി Fno.1-2/2015(DEB-III) നമ്പർ പൊതു അറിയിപ്പ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പൊതു അറിയിപ്പിന്റെ അടിസ്ഥാനത്തിൽ, ടി സർവ്വകലാശാലയിൽ 2014 വരെ പ്രവേശനം നേടിയവർക്ക് മാത്രമായാണ് നിലവിൽ കേരള സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല എന്നീ സർവ്വകലാശാലകൾ അംഗീകാരവും തുല്യത സർട്ടിഫിക്കറ്റും നൽകുന്നത്. |
| (ബി) | 2019-ന് മുമ്പ് പ്രസ്തുത കോഴ്സിന് തുല്യതാ സർട്ടിഫിക്കറ്റ് സംസ്ഥാനത്തെ ഏതെങ്കിലും യൂണിവേഴ്‌സിറ്റി നൽകിയിരുന്നോ; എങ്കിൽ യൂണിവേഴ്‌സിറ്റി തിരിച്ച് വിവരം ലഭ്യമാക്കാമോ; | (ബി) | കേരള സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല എന്നീ സർവ്വകലാശാലകളാണ് 2019-ന് മുമ്പ് അണ്ണാമലൈ യൂണിവേഴ്സിറ്റിയുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ മുഖേനയുള്ള ഇക്കണോമിക്സ് പി. ജി. കോഴ്സിന് തുല്യതാ സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുള്ളത്. |
| (സി) | മുൻ കാലങ്ങളിൽ പ്രസ്തുത കോഴ്സിന് കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയുടെ അംഗീകാരം ഉണ്ടായിരുന്നോ; പിൽക്കാലങ്ങളിൽ ഈ അംഗീകാരം ഒഴിവാക്കിയതിനുള്ള കാരണം എന്താണ്; വ്യക്തമാക്കുമോ; | (സി) | ഉണ്ടായിരുന്നു. തമിഴ് നാട് അണ്ണാമലൈ സർവ്വകലാശാല 2015 അക്കാദമിക വർഷം മുതൽ നടത്തുന്ന വിദൂരവിദ്യാഭ്യാസ (Open & Distance Learning, (ODL)) പ്രോഗ്രാമുകൾക്ക് യു.ജി.സി.യുടെ അംഗീകാരമില്ല എന്നറിയിച്ചുകൊണ്ട് യു.ജി.സി 25.03.2022 തീയതി Fno.1-2/2015(DEB-III) നമ്പർ പൊതു അറിയിപ്പ് പുറപ്പെടുവിച്ചിരുന്നു. ടി പൊതു അറിയിപ്പിന്റെ അടിസ്ഥാനത്തിലാണ് പിൽക്കാലങ്ങളിൽ പ്രസ്തുത കോഴ്സിന്റെ അംഗീകാരം ഒഴിവാക്കിയത്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത കോഴ്സിന് അംഗീകാരം നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന് യൂണിവേഴ്സിറ്റി തിരിച്ച് വിവരം ലഭ്യമാക്കാമോ? | (ഡി) | പ്രസ്തുത കോഴ്സിന് യു.ജി.സി ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടി കോഴ്സിന് സർവ്വകലാശാല തലത്തിൽ അംഗീകാരം നൽകുന്നത് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ